കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 കെ. യു എച്ച്. കു., തീയതി: 01.08.2023

പ്രസിദ്ധീകരണത്തിന്

ബി.ടെക് മേഴ്സിചാൻസ് പരീക്ഷാ രെജിസ്ട്രേഷൻ

ഒന്ന് മുതൽ 8 വരെ സെമസ്റ്റർ ബി ടെക് (സപ്ലിമെന്ററി –മേഴ്സി ചാൻസ് –2007 മുതൽ 2014 അഡ്മിഷൻ വരെ–പാർട്ട് ടൈം ഉൾപ്പെടെ)നവംബർ 2022 / ഏപ്രിൽ 2023 പരീക്ഷകൾക്ക് പിഴയില്ലാതെ 17.08.2023 മുതൽ 23.08.2023 വരെയും പിഴയോടു കൂടി 25.08.2023 വരെയും അപേക്ഷിക്കാവുന്നതാണ് .പരീക്ഷാ വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വകലാശാല നടത്തുന്ന അവസാന വട്ട ബി. ടെക് പരീക്ഷയ്ക്ക് നിശ്ചിത തീയതിക്കുള്ളിൽ തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പരീക്ഷയ്ക്കുള്ള അപേക്ഷയോടൊപ്പം റീ രെജിസ്ട്രേഷൻ മെമ്മോ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. സെപ്റ്റംബർ മൂന്നാം വാരത്തിൽ ആരംഭിക്കുന്ന ഒന്ന് , രണ്ട് , മൂന്ന് സെമസ്റ്റർ ബി ടെക് മേഴ്സി ചാൻസ് പരീക്ഷകളുടെ ടൈം ടേബിൾ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

പരീക്ഷാഫലം

ആറാം സെമസ്റ്റർ ബി.എ സോഷ്യൽ സയൻസ് ഡിഗ്രി, ഏപ്രിൽ 2023പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സൂക്ഷ്മ പരിശോധന എന്നിവയ്ക്കുള്ള അപേക്ഷ ഓൺലൈൻ ആയി 14/08/2023, വൈകുന്നേരം 5PM വരെ സമർപ്പിക്കാവുന്നതാണ് .

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ I

പരീക്ഷാ വിഭാഗം.